FRIDAY 21.06.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/06/2024

1. വിളനാശമുണ്ടായാൽ കർഷകനു സഹായമാകുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതികളിൽ രജിസ്റ്റർ ചെയ്യാനുള്ള അവസാനതിയ്യതി ജൂൺ 30 ആണ്. കാലാവസ്ഥധിഷ്ഠിത പദ്ധതിയിൽ നെല്ല്, വാഴ, കവുങ്ങ്, കുരുമുളക്, മഞ്ഞൾ, ജാതി, കൊക്കോ, വെറ്റില, ഏലം, ഗ്രാമ്പൂ, തെങ്ങ്, ഇഞ്ചി, മാവ്, പൈനാപ്പിൾ, കശുമാവ്, റബ്ബർ, എള്ള്, മരച്ചീനി, തേയില, കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, നന കിഴങ്, മധുരക്കിഴങ്ങ്) പയർവർഗ്ഗങ്ങൾ (ഉഴുന്ന്, പയർ, ചെറുപയർ, ഗ്രീൻ പീസ്, സോയാബീൻ) പച്ചക്കറിവിളകൾ (പടവലം, പാവൽ, വള്ളി പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകൾക്കും പരിരക്ഷ ലഭിക്കും. കാലാവസ്ഥധിഷ്ഠിത വിള ഇൻഷുറൻസിൽ വെള്ളപൊക്കം, മണ്ണിടിച്ചിൽ, ശക്തമായ കാറ്റ് (വാഴ, ജാതി, കവുങ്ങ്, കുരുമുളക്, കൊക്കോ, തെങ്ങ്, റബ്ബർ കശുമാവ്), കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക് വ്യക്തിഗത ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണ്. സി.എസ്.സി ഡിജിറ്റൽ സേവകേന്ദ്രം, വഴി റജിസ്റ്റർ ചെയ്യാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരാണെങ്കിൽ അവരെ അതതു ബാങ്കുകൾക്കും പദ്ധതിയിൽ ചേർക്കാം. അപേക്ഷ പൂരിപ്പിച്ച ശേഷം നിശ്ചിത പ്രീമിയം തുക, ആധാറിന്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് പദ്ധതി നിർവ്വഹണ ഏജൻസി ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ്, റീജിയണൽ ഓഫീസ്, 8-ാം നില, കാർമൽ ടവേഴ്സ്, കോട്ടൺഹിൽ പി. ഒ, വഴുതക്കാട് തിരുവനന്തപുരം-14 എന്ന വിലാസത്തിലോ, 0471 2334493, 4054741 എന്നീ ഫോൺ നമ്പരുകളിലോ ro.thiruvananthapuram@aicofindia.com എന്ന ഇ-മെയിൽ വിലാസത്തിലോ 18004257064 എന്ന ടോൾ ഫ്രീ നമ്പരിലോ ബന്ധപ്പെടുക.

2. വനശ്രീ ഉത്പന്നങ്ങൾക്ക് കൂടുതൽ വ്യാപനം ലഭിക്കുന്നതിന് ഓൺലൈൻ വിപണനം ആരംഭിച്ചു. യെസ് ബാങ്കാണ് വിപണന സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. വനശ്രീ ഉത്പന്ന്ങ്ങളായ തേൻ, ഏലം, കറുകപ്പട്ട, ഗ്രേപ്പ് വൈൻ, മുതലായവ ഓൺ ലൈനിൽ ലഭ്യമാകുന്നതാണ്.

3. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വളർന്നു നിൽക്കുന്നതും മുറിച്ചിട്ടിരിയ്ക്കുന്നതുമായ പാഴ് മരങ്ങൾ തെങ്ങ്, ആഞ്ഞിലി, വാക, കാറ്റാടി, സ്പാത്തോഡിയം, ഇലവ്, പ്ലാവ്, തേരകം, പെരുമരം, കശുമാവ്, കൊമ്പുകളിൽ നിന്ന് ശേഖരിക്കാവുന്ന വിറക് സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി 2024 ജൂൺ 24ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് പരസ്യലേലം ചെയ്ത് വിൽക്കുന്നു. താത്പര്യമുള്ളവർ 2024 ജൂൺ 24ന് ഉച്ചയ്ക്ക് 1 മണിയ്ക്കു മുൻപായി ക്വട്ടേഷൻ നൽകുകയോ ലേലത്തിൽ പങ്ക് കൊള്ളുകയോ ചെയ്യണമെന്ന് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04792452277, 9447036215 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപെടാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കാർഷിക കോളേജ് വെള്ളാനിക്കരയിൽ 2024 – 25 അധ്യയന വർഷത്തെ ഡി.ബി.ടി സപ്പോർട്ടഡ് എം.എസ്.സി (അഗ്രി) മോളിക്കുലാർ ബയോളജി ആൻഡ് ബയോ ടെക്നോളജി കോഴ്സിലേക്കുള്ള പ്രവേശനത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 05.07 .2024 വരെ നീട്ടി വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 28.06.2024, 29.06.2024 തീയതികളിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്കായി പരിശീലന പരിപാടി നടത്തപ്പെടുന്നു. രജിസ്‌ട്രേഷൻ ഫീസ് 20 രൂപ. അധാർ കാർഡിന്റെ പകർപ്പ് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. താത്പര്യമുള്ളവർ 26.06.2024 വൈകുന്നേരം 5 മണിക്ക് മുൻപായി 9048376405 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. തൃശൂർ ജില്ലയിൽ മത്സ്യബന്ധന മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. സ്‌ക്വയർമെഷ് കോഡ് എന്റ്. ഇൻസുലേറ്റഡ് ഐസ് ബോക്സ്, മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയവയാണ് പദ്ധതികൾ. ബന്ധപ്പെട്ട മത്സ്യഭവനുകളിൽ ജൂൺ 22 വൈകിട്ട് അഞ്ചുവരെ അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾ ജില്ലയിലെ മത്സ്യഭവനുകളിലോ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലോ ലഭിക്കും. ഫോൺ: 0487 2441132.

7. അന്താരാഷ്ട്ര MSME ദിനാചരണത്തിൻറെ ഭാഗമായി കേന്ദ്ര MSME മന്ത്രാലയത്തിന്റെ കീഴിൽ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന MSME -ഡെവലൊപ്മെന്റ് & ഫെസിലിറ്റേഷൻ ഓഫീസ് 2024 ജൂൺ 27-ാം തീയതി ഓഫീസ് അങ്കണത്തിൽ വെച്ച് സെമിനാർ സംഘടിപ്പിക്കുന്നു. ജൂൺ 25 നു മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് - എം എസ് എം ഇ -ഡെവലപ്മെന്റ് & ഫെസിലിറ്റേഷൻ ഓഫീസ്, കാഞ്ഞാണി റോഡ്, അയ്യന്തോൾ പി. ഒ; തൃശ്ശൂർ -680003. 0487-2360536, 2360686, 2360216, 8330080536; ഇ -മെയിൽ - dcdi-thrissur@dcmsme.gov.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. വെള്ളായണി കാർഷിക കോളേജിലെ അനിമൽ ഹസ്ബൻഡറി വിഭാഗത്തിന് കീഴിലുള്ള പൗൾട്ടറി ഫാമിൽ നിന്നും അത്യുല്പാദന ശേഷിയുള്ള BV -380 ഇനത്തിൽപെട്ട ഒന്ന് മുതൽ രണ്ട് മാസം വരെ പ്രായം ഉള്ള മുട്ടക്കോഴി കുഞ്ഞുങ്ങൾ കുറഞ്ഞൊന്നിന് 180 രൂപ എന്ന നിരക്കിൽ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വാങ്ങാൻ താല്പര്യം ഉള്ളവർ അനിമൽ ഹസ്ബൻഡറി വിഭാഗത്തിൽ നേരിട്ടോ, 9645314843 എന്ന ഫോൺ നമ്പരിലോ, അനിമൽ ഹസ്ബൻഡറി വിഭാഗം, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം -695522 എന്ന വിലാസത്തിലോ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്ത് ബന്ധപ്പെടാവുന്നതാണ്.

9. റബ്ബർമരങ്ങൾ മഴക്കാലത്ത് ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡ് ഡെവലപ്മെന്റ് ഓഫീസർ ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ 04812576622.

10. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണ മാർഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) 26 ജൂൺ 2024 -ന് 10.30 മുതൽ 12.30 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in